# സെഹിയോൻ
## ബുള്ളറ്റിൻ

**2025 ഒക്ടോബർ • നവംബർ • ഡിസംബർ**




**സെഹിയോൻ മാർത്തോമ്മാ ഇടവക**

**ആമല്ലൂർ, തിരുവല്ല, ഫോൺ 0469 2962135**

**Rev. M. S. Daniel,** Mob: **9447359444**

**www.amalloorsehionmtc.org**

# ആമല്ലൂർ സെഹിയോൻ
# മാർത്തോമ്മാ ചർച്ച്

## സെഹിയോൻ ബുള്ളറ്റിൻ

ഒക്ടോബർ ▸ നവംബർ ▸ ഡിസംബർ 2025



# വികാരിയുടെ കത്ത്



കർത്താവിൽ പ്രിയരേ,

ക്രിസ്തുയേശുവിൽ ഏവർക്കും സ്നേഹ വന്ദനം.

ഈ സംവത്സരത്തിന്റെ അവസാനപാദത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ക്രൈസ്തവ സഭാചരിത്രത്തിലെ ഒരു സുപ്രാധാന വർഷമാണ് 2025. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന രേഖയായ നിഖ്യാ വിശ്വാസപ്രമാണം നിലവിലായിട്ട് 1700 വർഷങ്ങൾ പൂർത്തികരിക്കുന്നു. ആദിമനൂറ്റാണ്ടിൽ പീഢനങ്ങളുടെ മധ്യത്തിൽ പതറാതെ നിൽക്കാൻ വിശ്വാസികൾക്ക് കരുത്തായത് അവരുടെ വിശ്വാസ പ്രഖ്യാപനങ്ങളും അതിലുള്ള സമർപ്പണവുമായിരുന്നു.

ഒരുമയുടെയും സാഹോദര്യത്തിന്റെയും സന്ദേശമായി ഓണത്തിന് ഇടവകയായി ഒരുമിച്ച് ഭക്ഷണ, ഭക്ഷണസൗഹൃദകൂട്ടായ്മ ഒരുക്കാൻ ഇടയായത് ഏവർക്കും സന്തോഷകരമായ അനുഭവമായിരുന്നു.

ഒക്ടോബർ മാസത്തിലാണല്ലോ സന്നദ്ധസുവിശേഷക സംഘദിനവും, യുവജനഞായറും, കുടുംബപ്രതിഷ്ഠാദിന പ്രത്യേക ശുശ്രൂഷകളും ക്രമീകരിക്കപ്പെടുന്നത്. കുടുംബപ്രതിഷ്ഠാ ദിനത്തിൽ ഇടവകയിലെ എല്ലാ കുടുംബങ്ങളും കുടുംബം, കുടുംബമായി ആരാധനയിൽ പങ്കുചേരുകയും വി:കുർബാനയിലും പങ്കാളികളായി തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്നതിനും ശ്രദ്ധിക്കേണമേ. 'കുടുംബം: നിർവ്യാജ സ്നേഹത്തിന്റെ ഇടം (Family: Place of pure love)' എന്നതത്രേ ഈ വർഷത്തെ കുടുംബവാര ചിന്താവിഷയം. ഈ ആധുനിക കാലത്ത് ഏറ്റവുമധികം വെല്ലുവിളി നേരിടുന്ന നമ്മുടെ കുടുംബങ്ങൾ ക്രിസ്തുവാകുന്ന പാറമേൽ പണിയപ്പെടുവാനും ദർശനമുള്ള ജീവിതത്തിന്റെയും സാക്ഷ്യത്തിന്റെയും പങ്കാളികളായിരിപ്പാനും

ദൈവം ആഗ്രഹിക്കുന്നു. പ്രാർത്ഥനയിലൂടെ, ആരാധനയിലൂടെ, വചനത്തിലൂടെ നമുക്ക് ശക്തിപ്പെടാം.

ഒരു പുതിയ ക്രിസ്തുമസ് കാലയളവിലേക്കും, പുതുവർഷത്തിലേക്കും പ്രവേശിക്കുവാൻ നാം ഒരുങ്ങുകയാണല്ലോ. കഴിഞ്ഞ കാലങ്ങളിൽ നമ്മെ അനുഗ്രഹമായി നയിച്ച ദൈവത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് നമുക്ക് പുതിയ സംവത്സരത്തെ വരവേൽക്കാം.

ഭൂമിക്ക് ഉപ്പായും, ലോകത്തിന് പ്രകാശവുമായി തീരാൻ പരിപൂർണമായി സമർപ്പിക്കാം.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ

സ്നേഹത്തോടെ,

**എം എസ് ഡാനിയേലച്ചൻ**

**ആരാധനാ സഹായ ക്രമീകരണങ്ങൾ – പ്രാർത്ഥനായോഗങ്ങൾ / സംഘടനകൾ**

| മാസം | തീയതി | ദിവസം | പ്രാർത്ഥനാ ഗ്രൂപ്പ് / സംഘടന |
|---|---|---|---|
| ഒക്ടോബർ | 05 | ഞായർ | ഇടവകമിഷൻ |
| | 12 | ഞായർ | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| | 19 | ഞായർ | യുവജനസഖ്യം |
| | 26 | ഞായർ | സേവികാസംഘം |
| നവംബർ | 2 | ഞായർ | സൺഡേസ്കൂൾ |
| | 9 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 1 |
| | 16 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 2 |
| | 23 | ഞായർ | കൈസ്ഥാനസമിതി |
| | 30 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 3 |
| ഡിസംബർ | 07 | ഞായർ | സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പ് |
| | 14 | ഞായർ | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| | 21 | ഞായർ | യുവജനസഖ്യം |
| | 25 | വ്യാഴം | ഗായകസംഘം |
| | 28 | ഞായർ | ഇടവകമിഷൻ |

## ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങൾ

| തീയതി | ഒന്നാം ഗ്രൂപ്പ് , 4.00 പി.എം. | രണ്ടാം ഗ്രൂപ്പ്, 3.00 പി.എം. | മൂന്നാം ഗ്രൂപ്പ്, 4.00 പി.എം. |
|---|---|---|---|
| 05.10.2025 | ശ്രീ. തോമസ് ചാക്കോ, മന്നത്ത് | ശ്രീ. ഏബ്രഹാം വർഗീസ്, വെൺമണി പുത്തനിട്ടിയിൽ | ശ്രീ. ആഷിഷ് സാം ജിയോ, കുഴിവിളയിൽ ബഥനി, Flat No. 3D. B TECh Town Star Apartment, Railway station Road,TIruvalla |
| 12.10.2025 | ഡോ. ജോർജ് സാമുവേൽ നവജീവോദയം | ശ്രീ. അലക്സാണ്ടർ തോമസ്, പരുമുട്ടിൽ കൃപാഭവൻ | ശ്രീ. ബേബി എം, പാലശ്ശേരിൽ എബനേസർ |
| 19.10.2025 | | ശ്രീ. ചാക്കോ മാത്യു നെല്ലിമൂട്ടിൽ, കൊമ്പാടി | ശ്രീ. തോമസ് ജോർജ്, കോയിക്കമണ്ണിൽ |
| 26.10.2025 | **സംയുക്ത പ്രാർത്ഥന – മൂന്നാം ഗ്രൂപ്പ് (ശ്രീമതി ജയ തോമസ്, വരമ്പത്ത്)** | | |
| 02.11.2025 | **അഖില ലോക സൺഡേസ്കൂൾ ദിനം** | | |
| 09.11.2025 | ശ്രീ. ഫിലിപ്പ് മാത്യു, മുണ്ടമറ്റം | ശ്രീ. ജോർജ് ഉമ്മൻ പ്ലാപ്പറ പുത്തൻവീട്ടിൽ | ശ്രീമതി ജൂനോമ്മ ജേക്കബ്, കരിങ്ങോട്ട് ഇന്റർനാഷണൽ ഗാർഡൻ വ്യൂ മഞ്ഞാടി (Flat no. 7A) |
| 16.11.2025 | ശ്രീ. ടി എ തോമസ്, തെന്നാലിൽ | ശ്രീ. മാത്തുക്കുട്ടി സി കെ, പ്ലാക്കുഴിയിൽ | ശ്രീ. കുരുവിള എൻ കുരുവിള, നെല്ലിമൂട്ടിൽ |
| 23.11.2025 | **സംയുക്ത പ്രാർത്ഥന – ഒന്നാം ഗ്രൂപ്പ് (ഇടവക ദിനം)** | | |
| 30.11.2025 | | | ശ്രീ. ജോർജ് വി തോമസ് വാനേത്ത് (4.30 പി.എം.) |
| 07.12.2025 | ശ്രീ. ബോബൻ മാത്യു, ഞാലിലേട്ട് | ശ്രീ. ജോൺ തോമസ്, മഠത്തിലോട്ട് | ശ്രീ. മാത്യു കെ. എ, കൊച്ചാലുംപ്ലാക്കൽ AVS Flat no 2E |
| 14.12.2025 | ആദ്യഫല ശേഖരണം: ഒന്നാം ഗ്രൂപ്പ് | | |
| | ശ്രീ. വർഗീസ് തോമസ് (ജോയി), പ്ലാപ്പറ (4.30 പി.എം.) | | ശ്രീമതി അമ്മിണി കുര്യൻ, കിഴക്കേതിൽ [4.30 PM] |
| 21.12.2025 | ശ്രീ. ഈശോ മാത്യു, മഠത്തിലേട്ട് | ശ്രീ. ചാക്കോ ഏബ്രഹാം, കണ്ണോത്ത് | ശ്രീ. ഉമ്മൻ എബ്രഹാം പുതുപ്പറമ്പിൽ |
| 28.12.2025 | **സംയുക്ത പ്രാർത്ഥന – രണ്ടാം ഗ്രൂപ്പ് (ആദ്യഫല ശേഖരണം)** | | |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. 2026 ജനുവരി-ഫെബ്രുവരി-മാർച്ച് സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനായോഗങ്ങളുടെയും സംഘടനകളുടെയും വാർത്തകളും, അറിയിപ്പുകളും, ലേഖനങ്ങളും ഡിസംബർ 15-ാം തീയതിക്കു മുമ്പായി ഇടവക സെക്രട്ടറിയെ ഏൽപിക്കുവാൻ പ്രാർത്ഥനാഗ്രൂപ്പുകളുടെയും പോഷകസംഘടനകളുടെയും ചുമതലക്കാർ ശ്രദ്ധിക്കുക.
2. സെഹിയോൻ ബുള്ളറ്റിൻ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ട്രസ്റ്റിയെയോ സെക്രട്ടറിയെയോ പ്രസ്തുത വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
3. സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ മൂല്യമുള്ള കലാസൃഷ്ടികളും കവിതകളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വികാരിയെയോ സെക്രട്ടറിയെയോ സമീപിക്കുക. പ്രസിദ്ധീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അന്തിമ തീരുമാനം വികാരിയുടേതായിരിക്കും.

# ഇടവക വാർത്തകൾ

## പഠന മികവിനുള്ള അംഗീകാരം :

കഴിഞ്ഞ അദ്ധ്യയന വർഷം 10, 12 ക്ലാസുകളിൽ ഉന്നത വിജയം നേടിയ ഇടവകയിലെ വിദ്യാർത്ഥികളെ ആദരിച്ചുകൊണ്ട് ഇടവകയുടെ ഉപഹാരങ്ങൾ നൽകി.

**Jeswin Jinu John, Joel Easow Abraham, Kesiya S Reji, Nia Elin Binu**

**Salan Saji Varghese, Simon Nellimoottil Jiji**

എന്നീ വിദ്യാർത്ഥികളെ ആദരിച്ചു.

## റിട്രീറ്റ്

ഇടവക കൈസ്ഥാന സമിതി അംഗങ്ങൾ, സംഘടനകളുടെയും പ്രാർത്ഥനാ ഗ്രൂപ്പുകളുടെയും ഭാരവാഹികൾ,സൺഡേ സ്കൂൾ അദ്ധ്യാപകർ എന്നിവർ പങ്കെടുത്ത റിട്രീറ്റ് ജൂലൈ 12 ന് നിലക്കൽ എക്യുമിനിക്കൽ സെന്ററിൽ വച്ച് ബഹു. റവ. എം എസ് ഡാനിയേൽ അച്ചന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ.ഡോ. അലക്സാണ്ടർ എ തോമസ് അച്ചൻ മുഖ്യ പ്രഭാഷണം നടത്തി. ബഹു. കുരുവിള ഫിലിപ്പ് അച്ചനും റിട്രീറ്റിൽ ഭാഗഭാക്കായി.

## റവ.രേഷ് ചാക്കോ ഗോഡ്ലി

മാർത്തോമ്മാ സഭാ വൈദീകനായി പട്ടമേറ്റ നമ്മുടെ മുൻ ഇടവകാംഗം വടക്കേടത്തു റവ.രേഷ് ചാക്കോ ഗോഡ്ലി ആഗസ്റ്റ് 10 ആം തീയതി ഞായറാഴ്ച്ച നമ്മുടെ ഇടവകയിൽ വിശുദ്ധ കുർബാനക്ക് നേതൃത്വം നൽകുകയും വചനശുശ്രൂഷ നടത്തുകയും ചെയ്തു. ഇടവക വൈസ് പ്രസിഡന്റ് പ്രൊഫ. സാംജി തോമസ് ആരാധനമദ്ധ്യേ പ്രിയപ്പെട്ട അച്ചനേയും മാതാപിതാക്കളെയും ഇടവകയിലേക്കു സ്വാഗതം ചെയ്യുകയും ഇടവകയുടെ ആശംസകൾ അറിയിക്കുകയും ചെയ്തു.

## സ്വാതന്ത്ര്യ ദിനാഘോഷം

ഭാരതത്തിന്റെ 79–ാം സ്വാതന്ത്ര്യ ദിനം, 2025 ആഗസ്റ്റ് 15 ന് ഇടവകയായി രാജ്യത്തോടൊപ്പം കൊണ്ടാടി. യുവജന സഖ്യത്തിന്റെ നേതൃത്വത്തിൽ ദേശിയ ഗാനത്തിന്റെ അകമ്പടിയോടെ ദേശിയ പതാക ഉയർത്തുകയും ബഹു. കുരുവിള ഫിലിപ്പ് അച്ചൻ സ്വാതാന്ത്ര്യ ദിന സന്ദേശം നൽകുകയും ചെയ്തു.

## സെഹിയോൻ ഫാമിലി ഫെസ്റ്റ്

ഇടവകയുടെ വാർഷിക കുടുംബ സംഗമം – സെഹിയോൻ ഫാമിലി ഫെസ്റ്റ് – സെപ്റ്റംബർ 7 ആം തീയതി ഞായറാഴ്ച്ച വിശുദ്ധ കുർബാനക്ക് ശേഷം പള്ളിയങ്കണത്തിൽ വച്ച് നടത്തപ്പെട്ടു. ഇടവക ജനങ്ങൾക്കായി വിവിധ കലാകായിക മത്സരങ്ങൾ യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. തുടർന്ന്, മൂന്ന് പ്രാർത്ഥനാ ഗ്രൂപ്പുകളുടെയും വ്യക്തികളുടെയും സഹകരണത്തിൽ വിഭവസമൃദ്ധമായ ഓണസദ്യയും ഉണ്ടായിരുന്നു. ഇതിൽ സാമ്പത്തികമായി സഹകരിച്ചവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

## വിശുദ്ധ വിവാഹം:

1. കണ്ണോത്ത് ശ്രീ. കോശി ജോർജ് (അനിയൻ), വത്സമ്മ കോശി ദമ്പതികളുടെ മകൾ ശ്രിമതി. ജിൻസി മേരി കോശിയും തലവൂർ മാവേലിൽ വീട്ടിൽ ഡോ. അലൻ ജോർജ് സാമും തമ്മിലുള്ള വിശുദ്ധ വിവാഹം ആഗസ്റ്റ് 21 ന് തലവൂർ മാർത്തോമ്മാ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. സെഹിയോൻ കുടുംബത്തിന്റെ ആശംസകൾ.

## വിശുദ്ധ മാമോദിസ

1. നെറ്റിയാട്ട് പറമ്പിൽ ശ്രി. ജോബ് ജോൺസന്റെയും നിസി ഷാജിയുടെയും മകൾ നേർമ്മ ജോണിസ് ജോൺസൻ , കണ്ണോത്ത് ശ്രീ. ഡെന്നി ആർ വർഗീസ്, അർലെൻ മരിയ ദമ്പതികളുടെ മകൾ നയാരാ എൽസ ഡെന്നി എന്നിവർ വിശുദ്ധ മാമോദീസ സ്വീകരിച്ച് സ്നാപനത്തിലൂടെ വിശുദ്ധ സഭയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചു.

   ക്രിസ്തീയ സഭയുടെ അംഗത്വത്തിലേക്ക് പ്രവേശിച്ച ഈ പൈതങ്ങൾ ദൈവാത്മാവിൽ വളരുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുകയും പൈതങ്ങളെ ദൈവ കൃപയിൽ വളർത്തുവാൻ മാതാപിതാക്കൾക്ക് കഴിയട്ടെ എന്ന് ഇടവകയായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ഇടവക അറിയിപ്പുകൾ

### സംഘടനാ വാർത്തകൾ

## ഇടവക മിഷൻ:

എല്ലാ മാസത്തിന്റെയും ഒന്നും രണ്ടും അഞ്ചും ചൊവ്വാഴ്ച്ചകളിൽ വൈകിട്ട് 4. 30 നു പള്ളിയിൽ വച്ച് മീറ്റിങ്ങുകൾ നടത്തപ്പെടുന്നു. മൂന്നാം ചൊവ്വാഴ്ച രാവിലെ പെയിൻ ആൻഡ് പാലിയേറ്റീവിന്റെ ഭാഗമായി ഇടവക മിഷൻ അംഗങ്ങൾ പള്ളിയിൽ വരാൻ ശാരീരിക പ്രയാസങ്ങൾ ഉള്ളവരുടെയും രോഗികളുടെയും ഭവനങ്ങൾ സന്ദർശിച്ചു പ്രാർത്ഥിക്കുകയും കൂട്ടായ്മ നൽകുകയും ചെയ്യുന്നു.

സംഘവാരം സെപ്റ്റംബർ മാസം 28 മുതൽ ഒക്ടോബർ 5 വരെയാണ്. സെപ്റ്റംബർ 28 ഞായറാഴ്ച്ച വിവിധ ഇടവകകളിൽ ഡെപ്യൂട്ടേഷൻ ക്രമീകരിച്ചു സംഘത്തിന്റെ പ്രവർത്തനങ്ങളെ അറിയിക്കുകയും വചന ശുശ്രുഷയിൽ ഏർപ്പെടുകയും ചെയ്യുന്നു.

ഒക്ടോബർ 3,4 തീയതികളിൽ (വെള്ളി, ശനി) നമ്മുടെ പള്ളിയിൽ വച്ച് ഇടവക മിഷന്റെ നേതൃത്വത്തിൽ കൺവൻഷൻ നടത്തപ്പെടുന്നു.

സെന്റർ മീറ്റിങ്ങുകൾ ഇല്ലാത്ത വെള്ളിയാഴ്ചകളിൽ പള്ളിയിൽ വച്ച് ഉപവാസ പ്രാർത്ഥന നടത്തപ്പെടുന്നു.

## സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്:

മാസത്തിൽ നാലാം ചൊവ്വാഴ്ച്ചകളിൽ വൈകിട്ട് 4.30 നു നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വച്ച് യോഗങ്ങൾ നടത്തിവരുന്നു. അടുത്ത മാസങ്ങളിൽ താഴെ പറയുന്ന ഭവനങ്ങളിൽ പ്രാർത്ഥന യോഗങ്ങൾ ക്രമീകരിച്ചിരിക്കുന്നു:

ഒക്ടോബർ 28- നെല്ലിമൂട്ടിൽ ശ്രീ. കുരുവിള വർഗീസ്

നവംബർ 25- കോളറേത്ത് ശ്രീ.വർഗീസ് മാത്യു

ആഗസ്ത് 15-ാം തീയതി സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പിന്റെ നേതൃത്വത്തിൽ വയോജനങ്ങൾക്കുവേണ്ടി പ്രത്യേക വിശുദ്ധ കുർബാന നടത്തപ്പെട്ടു.

സെപ്റ്റംബർ 24 ന് സേവികാസംഘം ക്രമീകരിച്ച മന്ദിരം വിസിറ്റിൽ സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പ് അംഗങ്ങളും പങ്കെടുത്തു.

## സേവികാസംഘം:

ബുധനാഴ്ചകളിൽ രാവിലെ 10.30 നു പള്ളിയിൽ വച്ചും മാസത്തിലെ അവസാന ബുധനാഴ്ച നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വച്ചും ശാഖ യോഗങ്ങൾ നടത്തപ്പെടുന്നു.

അടുത്ത മാസങ്ങളിലെ കോട്ടേജ് മീറ്റിംഗുകൾ ;
ഒക്ടോബർ 23 - ശ്രീമതി ഏലിയാമ്മ വർഗീസ്, കണ്ണോത്ത്
നവംബർ 27 - ശ്രീമതി സിജി രാജി, നെല്ലിമൂട്ടിൽ
സേവികാ സംഘവാരമായി സെപ്റ്റംബർ 7 മുതൽ 13 വരെ ആചരിച്ചു, സെപ്റ്റംബർ 14 ഞായറാഴ്ച സേവികാ സംഘ ദിനമായിരുന്നു അന്നേ ദിവസം ഡോ. അനിത ഡാനിയേൽ കൊച്ചമ്മ വചന സന്ദേശം നൽകുകയും ചെയ്തു.

സെപ്റ്റംബർ 24, ബുധനാഴ്ച പത്തനാപുരം ആശാ ഭവൻ, ഗാന്ധി ഭവൻ എന്നി വിടങ്ങൾ സന്ദർശിച്ചു. ഇതിൽ ഇടവക മിഷൻ, സീനിയർ സിറ്റിസൺ അംഗങ്ങ ളും സഹകരിച്ചു.

നവംബർ 5 ന് തിരുവല്ല ഈസ്റ്റ് സെന്റർ സേവികാ സംഘത്തിന്റെ സെന്റർ മീറ്റിങ് നമ്മുടെ പള്ളിയിൽ വച്ച് നടത്തപെടുന്നതാണ്.

## ഗായകസംഘം:

ഞായറാഴ്ച ആരാധനയിലേക്കുള്ള ഗായകസംഘ പരിശീലനം ശനിയാഴ്ചകളിൽ വൈകുന്നേരം 4.45 ന് പള്ളിയിൽവച്ച് നടത്തപ്പെടുന്നു

## സണ്ടേസ്കൂൾ

ഞായറാഴ്ച രാവിലെ 7.30 ന് ക്ലാസുകൾ ആരംഭിക്കുന്നു.

### യംഗ് വിമൻസ് ഫെല്ലോഷിപ്പ്:

എല്ലാ നാലാം ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു മൂന്ന് മണിക്ക് പള്ളിയിൽ വച്ച് മീറ്റിങ് നടത്തപ്പെടുന്നു.

### യുവജനസഖ്യം പ്രവർത്തനങ്ങൾ :

ഇടവക, സെന്റർ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. കഴിഞ്ഞ അദ്ധ്യയന വർഷം ഉന്നതവിജയം നേടിയ സഖ്യം അംഗങ്ങളെ ആദരിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു. സെപ്റ്റംബർ മാസത്തിൽ നടന്ന സെഹിയോൻ ഫാമിലി ഫെസ്റ്റിൽ കലാ,കായിക മത്സരങ്ങൾ ഭംഗിയായി സംഘടിപ്പിച്ചു. ഞായറാഴ്ച്ചകളിൽ ശുശ്രൂഷാനന്തരം ശാഖാ മീറ്റിങ്ങുകൾ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

## ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ഇടവക
## ഇടവകമിഷൻ ധ്യാനയോഗം

കർത്താവിൽ പ്രിയരേ,

ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ഇടവക മിഷന്റെ ആഭിമുഖ്യത്തിൽ ധ്യാനയോഗം 2025 ഒക്ടോബർ 3 മുതൽ 5 വരെ തീയതികളിൽ പള്ളിയിൽവച്ച് ക്രമീകരിച്ചിരിക്കുന്നു. ആയതിലേക്കു എല്ലാവരുടെയും പ്രാർത്ഥനയും സാന്നിദ്ധ്യവും സാദരം ക്ഷണിച്ചുകൊള്ളുന്നു.

| തീയതി | സമയം | പ്രസംഗകൻ |
|---|---|---|
| ഒക്ടോബർ 03, വെള്ളി | 6 പിഎം | സുവി. ശ്രീ. ജോൺ തോമസ്, നവജീവോദയം |
| ഒക്ടോബർ 04, ശനി | 6 പിഎം | സുവി. ശ്രീ. തോമസ് കോശി, കമ്പംമേട് |
| ഒക്ടോബർ 05, ഞായർ | 9.30 എ എം (വി. കുർബാന) | സുവി. ശ്രീ. തോമസ് കോശി, കമ്പംമേട് |

എന്ന്, ഇടവക മിഷന് വേണ്ടി,

**റവ. എം എസ് ഡാനിയേൽ**
(പ്രസിഡന്റ്)

**പ്രൊഫ. ആലിസ് മാത്യു**
(സെക്രട്ടറി)

| സഭാ വിശേഷ ദിവസങ്ങൾ | | |
|---|---|---|
| **ഒക്ടോബർ** | | |
| 5 | ഞായർ | സന്നദ്ധ സുവിശേഷക സംഘദിനം |
| 12 | ഞായർ | വ്യത്യസ്ത കഴിവുകൾ ഉള്ളവരുടെ ദിനം |
| 19 | ഞായർ | യുവജന ഞായർ |
| 26 | ഞായർ | കുടുംബ ദിനം |
| **നവംബർ** | | |
| 1 | ശനി | സകല വിശുദ്ധന്മാരുടെയും നാൾ |
| 2 | ഞായർ | അഖില ലോക സൺഡേസ്കൂൾ ദിനം/ സഭാ ശുദ്ധീകരണം - സഭാ സംവത്സരത്തിന്റെ ആരംഭം (കൂദോശ് ഈത്തോ) |
| 9 | ഞായർ | C . S. I, C .N. I, മാർത്തോമാ സഭകളുടെ ഐക്യ ആഘോഷം |
| 16 | ഞായർ | സെഖര്യാവിനോടുള്ള അറിയിപ്പ് |
| 23 | ഞായർ | കന്യക മറിയാമിനോടുള്ള അറിയിപ്പ് |
| 30 | ഞായർ | എലീശബെത് , കന്യക മറിയം സംഗമം |
| **ഡിസംബർ** | | |
| 1 | തിങ്കൾ | ഇരുപത്തിയഞ്ചു നോമ്പ് ആരംഭം |
| 7 | ഞായർ | യോഹന്നാൻ സ്നാപകന്റെ ജനനം |
| 14 | ഞായർ | യോസേഫിനോടുള്ള അറിയിപ്പ് |
| 21 | ഞായർ | മാർത്തോമാ സഭാ ദിനം |
| 25 | വ്യാഴം | ക്രിസ്മസ്: ജനന പെരുന്നാൾ/ ഇരുപത്തിയഞ്ച് നോമ്പ് വീടൽ |

**ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ കാര്യപരിപാടികൾ** :

| | | |
|---|---|---|
| October 26 | - | Family Sunday/ Counselling |
| November 21, 22 | - | Parish Convention |
| November 23 | - | Parish Day |
| December 14 | - | Harvest Festival- Prayer group I |
| December 23 | - | Christmas Carol |
| December 25 | - | Christmas Holly Communion |
| December 28 | - | Harvest Festival- Prayer group II |
| December 31 | - | Watch Night Service |

| ഞായറാഴ്ച്ചകളിലെ പാഠം വായന ഭാഗങ്ങൾ | | | | |
|---|---|---|---|---|
| തീയതി | ഒന്നാം പാഠം | രണ്ടാം പാഠം | ലേഖനം | ഏവൻഗേലിയോൻ |
| ഒക്ടോബർ | | | | |
| 05 | യിര. 1:1-10 | 2 കൊരി. 4:1-6 | 1 യോഹ. 4:7-12 | വി. ലൂക്കോ. 10:25-37 |
| 12 | പുറ. 4:1-17 | അ. പ്ര. 9: 32-35 | അ.പ്ര. 3:1-10 | വി. യോഹ. 5:2-9 |
| 19 | ദാനി. 6:1-10 | അ. പ്ര. 6:1-6 | 1 തിമോ.4:7-16 | വി.മത്താ. 19:16-22 |
| 26 | ഇയ്യോ. 1:1-5 | അ. പ്ര.10:1-8 | 1യോഹ.2: 7-11 | വി. മർക്കോ.3:31-35 |
| നവംബർ | | | | |
| 2 | സദൃ. 3:1-8 | 1 യോഹ.3:1-12 | 3 യോഹ. 1-12 | വി. യോഹ. 6:1-14 |
| 9 | യോശു. 22:21-29 | എഫേ. 4:1-7 | 1 കോരി.12: 12-27 | വി. യോഹ.10:11-18 |
| 16 | ന്യായാ.13:2-14 | റോമ. 10:9-15 | എബ്രാ. 6:9-12 | വി. ലൂക്കോ. 1:5-23 |
| 23 | 1 ശമു . 2:1-11 | 1 കോരി.1:26-31 | ഗലാ. 4:1-7 | വി. ലൂക്കോ.1:26-38 |
| 30 | 1 ശമു. 1:9-20 | 2 കോരി.1:3-10 | എബ്രാ.11:1-12 | വി.ലൂക്കോ. 1:39-45 |
| ഡിസംബർ | | | | |
| 7 | യിര. 15:15-21 | അ.പ്ര.13:17-26 | എബ്രാ.4:12-14 | വി.ലൂക്കോ.1:57-66 |
| 14 | യെശ.7:10-17 | റോമ.8:31-39 | എഫേ.1:15-23 | വി.മത്താ.1:18-25 |
| 21 | യോശു.24:1-14 | എബ്രാ.13:7-16 | എഫേ.2:19-22 | വി.യോഹ.14:1-7 |
| 25 | മീഖാ.5:1-4 | കോലോ.1:15-20 | 2തിമോ.2:8-13 | വി.ലൂക്കോ.2:1-7 |
| 28 | യെശ.40:25-31 | ഫിലി.2:12-18 | 1തെസ്സ.5:14-28 | വി.മത്താ.5:13-16 |

| ഇടവകയിലെ സാധാരണ പരിപാടികൾ | |
|---|---|
| ഞായർ രാവിലെ 7.30 | സൺഡേ സ്കൂൾ |
| ഞായർ രാവിലെ 9.30 | വിശുദ്ധ കുർബ്ബാന |
| ഞായർ ശുശ്രൂഷാനന്തരം | യുവജനസഖ്യം |
| 1,2,5 – ാം ചൊവ്വ വൈകിട്ട് 4.30 | ഇടവകമിഷൻ |
| ബുധൻ രാവിലെ 10.30 | സേവികാസംഘം |
| വെള്ളി രാവിലെ 10.30 | ഉപവാസപ്രാർത്ഥന |
| 3 – ാം ചൊവ്വ രാവിലെ 10.00 | പെയിൻ & പാലിയേറ്റീവ് ഭവനസന്ദർശനം |
| 4 – ാം ചൊവ്വ വൈകിട്ട് 4.30 | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 4 – ാം ഞായർ വൈകിട്ട് 3.00 | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| ശനി വൈകിട്ട് 4.45 | ഗായകസംഘ ഗാനപരിശീലനം |

## ബൈബിൾ ക്വിസ് - ഉൽപത്തി 4

1. പ്രസവത്തിലൂടെ ഭൂമിയിൽ വന്ന ആദ്യ പൈതൽ ആര്? പ്രസവം കൂടാതെ ഭൂമിയിലേക്ക് വന്ന മനുഷ്യൻ ആര് ?
2. ഭൂമിയിൽ ആദ്യം പ്രസവിച്ചത് ഏത് സ്ത്രീയാണ്? അവളുടെ രണ്ടാമത്തെ മകന്റെ പേര് എന്ത്?
3. ഹാബേലിന്റെ വഴിപാടിന്റെ പ്രത്യേകത എന്ത്?
4. ദൈവം വഴിപാടിൽ പ്രസാദിക്കാതെ വന്നപ്പോൾ കയിനുണ്ടായ വൈകാരിക ഭാവങ്ങൾ എന്തെല്ലാം?
5. വാതിൽക്കൽ കിടക്കുന്നത് ആര്? 'അതിന്റെ ആഗ്രഹം നിന്നോടാകുന്നു' ഏതിന്റെ?
6. 'നീയോ അതിനെ കീഴടക്കേണം' ദൈവം കയിനോട് പറഞ്ഞു. പക്ഷെ എന്ത് ആരെയാണ് കീഴ്പ്പെടുത്തിയത്?
7. 'ഭൂമിയിൽ നിന്ന് എന്നോട് നിലവിളിക്കുന്നു' എന്ത്?
8. സഹോദരന്റെ രക്തം ചൊരിഞ്ഞതിനാൽ ഉണ്ടായ രണ്ടു ശാപങ്ങൾ ആർക്ക്? എന്ത് വസ്തുവിന്?
9. 'നീ ഭൂമിയിൽ ഉഴന്നലയുന്നവനാകും' ദൈവം കയിനോടെ പറഞ്ഞു. കയീനുണ്ടായ മാനസീക ഉഴൽച്ചകൾ എന്തെല്ലാമായിരുന്നു?
10. മരണഭയത്തിലായ കയീന്റെ സ്വാന്തനത്തിനു ദൈവം നല്കിയത് എന്തെല്ലാം?
11. കയീൻ പോയി പാർത്ത സ്ഥലം ഏത്?
12. കയീൻ പണിത പട്ടണത്തിന്റെ പേര്? കയീന്റെ മകന്റെ മകന്റെ പേര് എന്ത്?
13. ബഹുഭാര്യത്വം സ്വീകരിച്ച ആദ്യത്തെ ആൾ? അവരുടെ പേര് എന്തെല്ലാം?
14. കൂടാരവാസികൾക്കും പശുപാലന്മാർക്കും പിതാവ് ആര്?
15. കിന്നരവും വേണുവും വാദ്യഉപകരണങ്ങൾ വായിക്കുന്ന ആദ്യ വ്യക്തി ആര്? അമ്മയുടെ പേര്?
16. ചെമ്പ്, ഇരുമ്പ് ഇവയിൽ ആയുധം തീർത്ത ആൾ ആര്? അവന്റെ അമ്മയുടെ പേര്?
17. ഭാര്യമാരുടെ മുൻപിൽ തന്റെ വീരസ്യം (കേമത്തം) മുഴക്കിയ ആളിന്റെ പേര്? താൻ ദൈവത്തെക്കാൾ ശക്തനാണെന്ന് വീമ്പു പറഞ്ഞ വാക്യം ഏത്?
18. ആദമിന്റെ മൂന്നാമത്തെ പുത്രന്റെ പേര്?
19. ശേത്തിന്റെ മകന്റെ പേര്?
20. യഹോവയുടെ പേരിൽ ആരാധന തുടങ്ങിയത് ആരുടെ കാലത്തു?

**ശരിയുത്തരം ലഭിക്കേണ്ട അവസാന തീയതി 2025 നവംബർ 30**

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ
## (ഏപ്രിൽ – ജൂൺ ലക്കത്തിലെ ഉത്തരങ്ങൾ (ഉല്പത്തി 1,2,3)

1. ദൈവം, ദൈവത്തിന്റെ ആത്മാവ്
2. വെളിച്ചം ഉണ്ടാകട്ടെ
3. മൂന്നാം ദിനം
4. നാലാം ദിനം
5. തെറ്റ്, ജലജന്തുക്കൾ, പറവകൾ, കാട്ടുമൃഗങ്ങൾ
6. ദൈവത്തിന്റെ സ്വരൂപത്തിൽ, ദൈവ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക
7. വാഴേണം
8. ഭൂമിയിൽ നിന്നും മഞ്ഞു പൊങ്ങി നിലമൊക്കെയും നനച്ചുവന്നു
9. പീശോൻ, ഗീഹോൻ, ഹിദ്ദേക്കൽ, ഫ്രാത്ത്
10. തോട്ടത്തിൽ വേല ചെയ്യുവാനും അതിനെ കാപ്പാനും
11. ദൈവം ; ഗാഢനിദ്ര വരുത്തി
12. തന്റെ വാരിയെല്ലിൽ നിന്നു സൃഷ്ടിക്കപ്പെട്ടതിനാൽ
13. പാമ്പ്
14. സംശയം
15. മരിക്കില്ല നിശ്ചയം, ദൈവത്തെപോലെയാകും
16. വൃക്ഷഫലം തിന്മാൻ നല്ലതും, കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്ന് സ്ത്രീ കണ്ടു
17. ലജ്ജ, ഭയം, ഒളിച്ചോട്ടം
18. ഉത്തരവാദിത്തം മറ്റൊരാളിൽ ആരോപിച്ചു
19. സ്ത്രീയുടെ സന്തതി നിന്റെ തല തകർക്കും നീ അവന്റെ കുതികാൽ തകർക്കും
20. അത്തിയില കൂട്ടിത്തുന്നി. ദൈവം. തോൽ കൊണ്ട്

**ബൈബിൾ ക്വിസ് ഏപ്രിൽ-ജൂൺ ലക്കത്തിൽ സമ്മാനാർഹരായവർ**

1. ശ്രീമതി മിനി മാത്യു, നെയ്പള്ളിൽ
2. പ്രൊഫ. ആലീസ് മാത്യു, നെല്ലിമൂട്ടിൽ

# ക്രിസ്മസ് പുതുവത്സര ആശംസകൾ

LIGHTED TO LIGHTEN

## സെഹിയോൻ മാർത്തോമ്മാ ഇടവക

RED Media | 9495 151222

For Private Circulation Only